ഉത്തരം

(എ) 6 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) സർവ്വീസിൽ ഉയർന്ന തസ്തികകളിൽ നിന്ന് വിരമിച്ച ഓഫീസർമാരെ ഭരണപരമായ സൗകര്യത്തിലേക്ക് കൺസൾട്ടന്റുമാരായി നിയമിച്ചിട്ടുണ്ട്

(സി) ബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഗല്ഭ്യം നേടിയ ഉദ്യോഗസ്ഥരായിരുന്നവർ റിട്ടയർ ചെയ്തപ്പോൾ പകരക്കാരനായി അത്തരം ഉദ്യോഗസ്ഥർ ലഭ്യമല്ലാതിരുന്നതിനാൽ മെക്കാനിക്കൽ വിഭാഗത്തിൽനിന്ന് റിട്ടയർ ചെയ്ത 4 പേരെ കൺസൾട്ടന്റായി നിയമിച്ചു. അതുപോലെ കമ്പ്യൂട്ടർ സെന്റർ ആവശ്യത്തിന് പ്രാഗല്ഭ്യം നേടിയ ആൾക്കാർ ഇല്ലാതിരുന്നപ്പോൾ ടി സെക്ഷനിൽ സീനിയർ പ്രോഗ്രാമർ ആയി പ്രവർത്തിച്ചയാളേയും കൺസൾട്ടന്റായി നിയമിച്ചു. ഭരണപരമായ കാര്യങ്ങളിൽ വിദഗ്ദ്ധോപദേശം നൽകുന്നതിനായി പ്രാഗല്ഭ്യം നേടിയ ഒരു ഉദ്യോഗസ്ഥനെ കൺസൾട്ടന്റ് (ADMN) ആയി കരാർ അടിസ്ഥാനത്തിൽ നിയമിച്ചു.

കെ.എസ്.ആർ.ടി.സി.യിലെ കൺസൾട്ടന്റ് നിയമനം

179 (1907) ശ്രീ. ബി. ബാബു പ്രസാദ്: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ അവസാനമായി പ്രഖ്യാപിച്ച ശമ്പളപരിഷ്ക്കരണ തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ശമ്പളപരിഷ്ക്കരണ തീരുമാനങ്ങളിൽ ഏതെങ്കിലും നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത തീരുമാനങ്ങൾ ഏതെന്നും അവ നടപ്പിലാക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തീരുമാനങ്ങൾ എത്ര ദിവസത്തിനകം നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. ശമ്പളപരിഷ്ക്കരണ കരാറിന്റെ 37-ാം ഖണ്ഡിക പ്രകാരമുള്ള ഹയർ ഡിവിഷൻ ഓഫീസർ തസ്തിക സംബന്ധിച്ചും 46-ാം ഖണ്ഡികയിലെ പൊതുവിഷയങ്ങളിൽപ്പെട്ട കാര്യങ്ങളും പൂർണ്ണമായും നടപ്പാക്കാനായിട്ടില്ല. ആയവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.യിലെ വിവിധ തസ്തികകളിലെ നിയമനം

180 (1908) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. വർക്ക് അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര ആളുകൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് സംവരണ ക്രമമനുസരിച്ചുള്ള ലിസ്റ്റ് സഹിതം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ എത്ര എൻ.ജെ.ഡി. ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എം പാനൽ നിയമനം, ദിവസക്കൂലിനിയമനം, എംപ്ലോയ്മെന്റ് നിയമനം, സി.എൽ.ആർ. നിയമനം തുടങ്ങിയ നിയമനങ്ങളിലൂടെ മെക്കാനിക്കൽ വിഭാഗത്തിൽ എത്ര ആളുകൾ ജോലിനോക്കിവരുന്നുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) എം പാനൽ ജീവനക്കാർ ജോലിനോക്കിവരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

(ഇ) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ എം പാനൽ നിയമനം നടത്തുന്നതിനെ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) ജോലിയിൽ പ്രവേശിച്ചതിനുശേഷം പിരിഞ്ഞുപോയിട്ടുള്ള മെക്കാനിക്കൽ വിഭാഗത്തിലുള്ള ആളുകൾക്ക് പകരം നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(ജി) മെക്കാനിക്കൽ വിഭാഗത്തിൽ നിലവിലെ അനുപാതം എത്രയാണ് ; ഇത് മുമ്പ് എത്രയായിരുന്നു ; വ്യത്യാസം വരുത്തുവാനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3-5-2010, 18-8-2010 തീയതികളിൽ പി.എസ്.സി. പുറപ്പെടുവിച്ച അഡ്വൈസ് ലിസ്റ്റുകളിൽ നിന്നുമായി 1878 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് പി.എസ്.സി.യിൽ നിന്നും ലഭ്യമാക്കിയ അഡ്വൈസ് ലിസ്റ്റിൽ നിന്നുമാണ് ടി നിയമങ്ങൾ നടത്തിയിട്ടുള്ളത്. ലിസ്റ്റ് പി.എസ്.സി. യിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്.

(ബി) 464 എൻ.ജെ.ഡി. ഒഴിവുകളുണ്ട്

(സി) എംപാനൽ, ദിവസക്കൂലി നിയമനങ്ങൾ യൂണിറ്റ് തലത്തിലാണ് നടത്തപ്പെട്ടിട്ടുള്ളത്. ടി വിവരങ്ങൾ യൂണിറ്റുകളിൽനിന്നും ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) എട്ടു വർഷം പൂർത്തിയാക്കിയ എംപാനൽ ജീവനക്കാരുടെ എണ്ണം ഒഴിച്ചുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് നൽകിയ എണ്ണത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ഇ) മെക്കാനിക്കൽ വിഭാഗത്തിലാണ് പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളത്. ഇതിലേക്ക് എംപാനൽ നിയമനം നടത്തുന്നില്ല.

(എഫ്) ഒഴിവുകൾ കണക്കാക്കുമ്പോൾ പ്രസ്തുത ഒളിവുകളും ഉൾപ്പെടുത്താറുണ്ട്.

(ജി) 4-6-2008-വരെ അനുവദിക്കപ്പെട്ടിട്ടുള്ള ഓരോ ഷെഡ്യൂളിനും 0.6% പ്രകാരവും 4-6-2008-നുശേഷം അനുവദിക്കപ്പെട്ടിട്ടുള്ള ഓരോ പുതിയ ഷെഡ്യൂളിനും 0.4% പ്രകാരവുമാണ് മെക്കാനിക്കുകളെ നിശ്ചയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly